# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1087

03..12..2015 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി.അബ്ദുൾ ഖാദർ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങൾ നടത്തിവരുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ എത്രയാണ്; അവയിൽ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകൾ ഏതൊക്കെ ; ഏതെല്ലാം ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്നു; | (എ) | സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷങ്ങൾ നടത്തി വരുന്ന 50 സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുകൾ നിലവിലുണ്ട്. ഇത്തര ത്തിലുള്ള സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളുടെ വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു. അവയുടെ മാനേജ്-മെന്റുകളെ സംബന്ധിച്ച വിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല. |
| (ബി) ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്ന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം ന്യൂനപക്ഷവിഭാഗത്തിൽ പ്പെട്ട വരിൽനിന്നു തന്നെ യാണോ നടത്തുന്നത് ; | (ബി) | സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷ കോളേജു കളിൽ, പ്രോസ്പെക്ടസിലേയും അതത് കോളേജുകൾ സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുടേയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെറിറ്റും സംവരണതത്വങ്ങളും പാലിച്ചുകൊണ്ടാണ് സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തുന്നത്. |

(സി) കഴിഞ്ഞ വർഷവും ഈ വർഷവും ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തി വന്ന സ്വാശ്രയ കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി ;

(സി) കഴിഞ്ഞ വർഷവും ഈ വർഷവും ന്യൂനപക്ഷ കോളേജുകളിൽ നടത്തിയ പ്രവേശനം സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർക്കുന്നു.

(ഡി) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കാതെ ഇതര വിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ശേഖരിച്ച് വിശദീകരിക്കുമോ?

(ഡി) സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, സർക്കാർ അലോട്ട്മെന്റ് നടത്തുന്നതുമായ ന്യൂനപക്ഷ കോളേജുകളിൽ, പ്രോസ്പെക്ടസിലേയും അതത് കോളേജുകൾ സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുടേയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെറിറ്റും സംവരണസത്വങ്ങളും പാലിച്ചുകൊണ്ടാണ് സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തിവരുന്നത്. ഇത്തരം കോളേജുകളിൽ അതത് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായങ്ങൾക്കായി നീക്കി വച്ചിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നടത്തുന്നുണ്ട്.

*സെക്ഷൻ ഓഫീസർ*